# INDIAN SCHOOL AL WADI AL KABIR

## PRE-MID TERM EXAMINATION 2022- 23

## CLASS X, MALAYALAM

## മലയാളം

**Time allowed: 1 Hour** **Maximum Marks: 30**

അനുവദിച്ച സമയം : 1 മണിക്കൂർ ആകെ മാർക്ക് : 30

**Date: 29-05-2022**

---

❖ **Please check this question paper contains 4 printed pages and 13 questions.**

---

1) **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(10 X ½ = 5)**

a) 'കടൽത്തീരത്ത് ' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

( നോവൽ, നാടകം, ചെറുകഥ, നോവലെറ്റ് )

b) ' ലക്ഷ്മണസാന്ത്വനം ' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

( അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, കൃഷ്ണഗാഥ, ഹരിനാമകീർത്തനം )

c) " നിന്നാലസാധ്യമായില്ലൊരു കർമ്മവും " ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

( ശ്രീരാമനെക്കുറിച്ച്, ലക്ഷ്മണനെക്കുറിച്ച്, ഭരതനെക്കുറിച്ച്, ശ്രീകൃഷ്ണനെക്കുറിച്ച് )

d) 'കയ്യിൽ ഘടികാരം ഇല്ലെങ്കിലും' വെള്ളായിയപ്പൻ സമയം അറിഞ്ഞത് എങ്ങനെ ?

( കാക്കക്കരച്ചിലിലൂടെ, ജയിലിലെ കൊമ്പുവിളിയിലൂടെ, പാറാവുകാരുടെ ഓർമ്മപ്പെടുത്തലിലൂടെ, കർഷകന്റെ ജന്മസിദ്ധിയിലൂടെ )

e) “ പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി “ എപ്പോൾ ?

( വെള്ളായിയപ്പനെ കണ്ടപ്പോൾ, വെള്ളായിയപ്പന്റെ കൈയിലെ കടലാസ് നോക്കിയപ്പോൾ, കണ്ടുണ്ണിയെ കണ്ടപ്പോൾ, പൊതിച്ചോറ് എടുത്തപ്പോൾ )

f ) പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചു മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ച എഴുത്തുകാരൻ ആര് ?

( എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, പൂന്താനം )

g) ‘മുക്തിക്കു വിഘ്നം വരുത്തുവാൻ എത്രയും ശക്തിയുള്ളത്’ എന്തിനാണ് ?

( മോഹം, കാമം, ലോഭം, ക്രോധം )

h) “ വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെ തന്നെയിരിക്കട്ടെ ” ആരുടെ വാക്കുകളാണിത് ?

( വെള്ളായിയപ്പന്റെ, നീലി മണ്ണാത്തിയുടെ, കുട്ട്യസ്സൻ മാപ്പിളയുടെ, കണ്ടുണ്ണിയുടെ)

i) മോഹമാതാവ് എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

( അവിദ്യയെ, വിദ്യയെ, ധനത്തെ, സ്നേഹത്തെ )

j) ‘മോക്ഷാർത്ഥി’ എന്താണ് ചെയ്യേണ്ടത് ?

( കോപം അടക്കണം, ധനം നേടണം, വിദ്യാഭ്യാസം നേടണം, അഹങ്കാരം ഇല്ലാതാക്കണം )

**2) പര്യായപദങ്ങൾ എടുത്തെഴുതുക** **(2 X 1 = 2)**

a) കടൽ

(ആഴി, താരം, സാഗരം, ജഗത്)

b) വീട്

(മാനം, ആലയം, കണ്ഠം, ഗൃഹം)

**3) അർത്ഥവ്യത്യാസം എഴുതുക** **(2 X 1 = 2)**

a) കടം – ഘടം

(കാഴ്ച, വായ്പ, മൊഴി, കുടം)

b) പരിണാമം – പരിമാണം

(മാറ്റം, ആഗ്രഹം, അളവ്, മിന്നൽ)

**4) നാനാർത്ഥം എഴുതുക** **(2 X 1 = 2)**

a) സ്വപ്നം

(ബുദ്ധി, കിനാവ്, ഉറക്കം, സമ്പത്ത്)

b) ചിത്രം

(പടം, ചലനം, പ്രമാണം, അത്ഭുതം)

**5) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക** **(2 X ½ = 1)**

a) പ്രദിവചിച്ചു, പ്രതിവചിച്ചു, പ്രഥിവചിച്ചു, പ്രത്തിവചിച്ചു

b) പരിഗ്രസ്തം, പരിഗ്രസ്ഥം, പരിഗ്രസ്ത്തം, പരിഗ്രസ്ദ്ധം

**6) അർത്ഥം എഴുതുക** **(2 X ½ = 1)**

a) പാന്ഥർ

b) നിജം

**7) വിപരീതപദം എഴുതുക** **(2 X ½ = 1)**

a) നിർജീവം

b) ജ്ഞാനം

**8) എതിർലിംഗം എഴുതുക** **(2 X ½ = 1)**

a) കിഴവൻ

b) പുത്രൻ

**9) പിരിച്ചെഴുതുക** **(2 X ½ = 1)**

a) സഹാനുഭൂതി

b) വെടിഞ്ഞെന്നുടെ

**10) വിഗ്രഹിച്ചെഴുതുക** **(2 X ½ = 1)**

a) തീവണ്ടി

b) മർത്ത്യജന്മം

11) **അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** **(2 X 1 = 2)**

a) കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വരികയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റു പോയി.

b) പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി.

12) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2 X 1 = 2)**

a) ആകാശത്തിന്റെ ഇരുട്ടിൽ അകലെ എവിടെയോ വിടരുന്ന പ്രഭാത പുലരിയുടെ സൂചന.

b) സഹായത്തിനാരുമില്ലാത്ത ഒരു കുട്ടിയുടെ നിസ്സഹായതയോടെ വെള്ളായിയപ്പൻ പാറാവുകാരന്റെ മുന്നിൽ നിന്നു.

13) **ഏതെങ്കിലും <u>മൂന്ന് ചോദ്യങ്ങൾക്ക്</u> ഉത്തരം എഴുതുക** **(3 X 3 = 9)**

a) വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ ?

b) ക്രോധം ഉപേക്ഷിക്കണമെന്ന് ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നത് എന്തുകൊണ്ട് ?

c) “രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ് ” വിശദീകരിക്കുക.

d) വെള്ളായിയപ്പൻ കൂടെ കൊണ്ടു പോകുന്ന പൊതിച്ചോറ് ‘കടൽത്തീരത്ത് ’ എന്ന കഥയുടെ ഭാവതലത്തെ എത്രമാത്രം സ്വാധീനിക്കുന്നു എന്ന് പരിശോധിക്കുക.

e) “ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തു വെണ്ണീറായി ചമഞ്ഞു പോയീടിലാം
മണ്ണിനു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹംനിമിത്തം മഹാമോഹം.“ വിശദീകരിക്കുക

***

`